## പതിമൂന്നാം കേരള നിയമ സഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 756 08.03.2012 ൽ മറുപടിക്ക്

### 'പട്ടുവം പദ്ധതി'

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു

എ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പട്ടുവം പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) പട്ടുവം ജലവിതരണ പദ്ധതിയിൽ നാലു പാക്കേജുകൾ ആണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ പാക്കേജ് III ഒഴികെയുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നാലു പാക്കേജുകളുടെയും പ്രവർത്തന പുരോഗതി താഴെ പറയും പ്രകാരമാണ്.

**പാക്കേജ്**

| | |
|---|---|
| I ഇൻടേക്, വാട്ടർ ട്രീററ്മെൻറ് പ്ലാൻറ് | 97% |
| II ട്രാൻസ്മിഷൻ മെയിൻ | 94% |

III വിതരണ ശൃംഖല

272 കിലോമീററർ പൈപ്പു ലൈനുകൾ വിതരണ ശൃംഖലയുടെ ഭാഗമായി സ്ഥാപിച്ചു. എന്നാൽ കരാറുകാൻെറ വീഴ്ച മൂലം വിതരണ ശൃംഖലയുടെ ബാക്കി പണികൾ ആദ്യ കരാർ അവസാനിപ്പിച്ച് മൂന്നു പ്രത്യേക കരാറുകളിലായി ഇപ്പോൾ നടപ്പിലാക്കി വരുന്നു.

ആകെ 625 കിലോമീററർ പൈപ്പു ലൈനുകളാണ് വിതരണ ശൃംഖലയ്ക്കു വേണ്ടി വിഭാവനം ചെയ്തിട്ടുള്ളത്. വിതരണ ശൃംഖല റീടെണ്ടർ ചെയ്തതിൽ P3R5 സോണിൽ 27% പുരോഗതിയും P3R6ൽ 32% പുരോഗതിയും കൈവരിച്ചിട്ടുണ്ട്.

പാക്കേജ് IV ജലസംഭരണികൾ 96% പൂർത്തിയായി

| | | |
|---|---|---|
| ബി | പ്രസ്തുത പദ്ധതിയുടെ എസ്റ്റി ബി മേററ് പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈൻ എത്ര കിലോമീററാ യിരുന്നു; | 625 കിലോമീററർ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കാനാണ് ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| സി | ആയതിൽ കുറവു വരുത്തിയിട്ടു സി ണ്ടോ; എങ്കിൽ എത്ര ; | ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന പൈപ്പ് ലൈനുകളിൽ കുറവു വരുത്തിയിട്ടില്ല. |
| ഡി | ഇപ്രകാരം കുറയ്ക്കുന്നതിന്റെ ഡി സാഹചര്യം വിശദമാക്കാമോ; | രണ്ടാം ഘട്ടത്തിൽ 561 കിലോമീററോളം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ഇപ്പോൾ എടുത്തിട്ടില്ല. പ്രസ്തുത പദ്ധതികൾ ഉടനെ ഏറെറടുക്കുന്നതാണ്. |
| ഇ | ഇങ്ങനെ കുറച്ചിട്ടുണ്ടെങ്കിൽ ആ ഇ പ്രദേശങ്ങളെ ഉൾപ്പെടുത്തി പദ്ധതി വ്യാപിപ്പിക്കുന്നതിന് മുൻകയ്യെടുക്കുമോ? | |

സെക്ഷൻ ഓഫീസർ